**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1097** **10-08-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കടൽക്ഷോഭം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം കൂടുതലായുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം കൂടുതലായുള്ള പ്രദേശങ്ങൾ മുസ്സോടി, പെർവാഡ്, കോയിപ്പാടി, പെരിങ്ങാടി, നാങ്കി-കൊപ്പളം എന്നിവയാണ്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) പെർവാഡ് കടപ്പുറത്ത് മണൽ നിറച്ച ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തിക്ക് 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 05/08/2023 ൽ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.<br><br>2) കോയിപ്പാടി കടപ്പുറത്തെ നിലവിലെ മണൽ നിറച്ച ജിയോബാഗ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള താൽക്കാലിക സംരക്ഷണ ഭിത്തിയുടെ അറ്റകുറ്റപണികൾ നടപ്പാക്കുന്നതിനുള്ള 10.30 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>3) നാങ്കി – കൊപ്പളം കടപ്പുറത്ത് 200 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് കരാറുടമ്പടി വെച്ച് സൈറ്റ് കൈമാറിയിരുന്നുവെങ്കിലും നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പ്രവൃത്തി താൽക്കാലികമായി നിർത്തി വെച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ